

# EXCELLENT OFFER ALMOST FREE !

Receive 20 Attractive All New Books, Worth More Than Rupees Two Hundred, By Sending Rupees Thirty Only. (This Is Mailing & Forwarding Charges Only) Good For Preachers, Teachers, And Students Of The Bible.

Also Available Are 20 Books In Hindi Just For Rupees Twenty Only.

All Books Are Mailed Free Of Charge. Send By M O. Only, Which Should Be Addressed To :

**Editor,**
**THE BIBLE TEACHER**
**C-22, N. D. S E. II**
**NEW DELHI-110049.**


## നോട്ടീസ്

ആർക്കെങ്കിലും മാസിക കിട്ടാതെ വരുമ്പോൾ, നിങ്ങൾ സ്ഥലം മാറുമ്പോൾ, മാസിക വേണ്ടെന്നുള്ളവർ എല്ലാ കത്തിടപാടുകളിലും നിങ്ങളുടെ അഡ്രസിന്റെ മുകളിൽ കൊടുത്തിരിക്കുന്ന നമ്പർ വ്യക്തമായി എഴുതിയിരിക്കണം. പുതിയ അഡ്രസ് എഴുതുമ്പോൾ അതു വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം. പഴയ കോപ്പികൾ മാസങ്ങൾക്കു ശേഷം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതല്ല.

ലേഖനങ്ങളും കവിതകളും അയക്കുമ്പോൾ അതോടൊപ്പം അതു നിങ്ങളുടേതു തന്നെ എന്നു കാണിക്കുന്ന സാക്ഷ്യപത്രവും പൂർണ്ണവിലാസവും ഉണ്ടായിരിക്കണം. പ്രസിദ്ധീകരണയോഗ്യമെങ്കിൽ മാത്രം പ്രസിദ്ധീകരിക്കുന്നതാണ്.

വായനക്കാരുടെ എല്ലാവരുടേയും ഹൃദയം നിറഞ്ഞ സ്നേഹത്തിനും പ്രോത്സാഹനത്തിനും നന്ദി. വെറും വായനക്കാർ മാത്രമായിരിക്കാതെ വചനം പ്രായോഗികമാക്കി തീർക്കുക.

എഡിറ്റർ

# THE BIBLE TRUTH

Editors-

P. K. VARGHESE　　　J. C. CHOATE


ooo　　ooo　　ooo

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിൻെറ പുനരേകീകരണം

Vol. 8　　December 1994　　No. 9


സ്വാഭാവികതക്കു മൂല്യശോഷണം സംഭവിച്ചിരിക്കുന്ന കാലമാണല്ലൊ ഇതു. കൃത്രിമങ്ങളിലേക്കു അറിഞ്ഞോ അറിയാതെയോ നീങ്ങിക്കൊണ്ടിരിക്കുന്നു. മനുഷ്യ ബുദ്ധി ലോകപ്രകാരം ചിന്തിക്കുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതു. വ്യക്തി പ്രഭാവത്തേക്കാൾ ഉപരി പൊതു നൻമയാണ് നാം ലക്ഷ്യമാക്കേണ്ടതു. അതിനു വേണ്ട ആത്മീയ പ്രബോധനം അവഗണിക്കപ്പെട്ടിരിക്കുന്നു. പരിണിതഫലമോ നാശം തന്നെ. നാശകരമായ സ്വഭാവത്തിലേക്കു ഇന്നത്തെ തലമുറ നീങ്ങിക്കൊണ്ടിരിക്കുമ്പോൾ അതിനെ ഇല്ലാതാക്കുവാൻ നാം കണ്ടെത്തേണ്ട മാർഗ്ഗം അടിസ്ഥാനപരവും നിലനില്പുള്ളതും ആയിരിക്കണം. ഒരു ആഗോളപരിവർത്തനം ഉണ്ടാകാതെ ഇന്നു കാണുന്ന അസ്വസ്ഥതകൾക്കു പരിഹാരമില്ല എന്നു പലരും പറയുന്നുണ്ട്. പക്ഷെ അതിനുവേണ്ട നടപടി ക്രിസ്തുവിൻെറ ഉപദേശങ്ങളിൽ ഉണ്ട്. അതു എല്ലാവരേയും പ്രബോധിപ്പിച്ച് പരിശീലിപ്പിച്ച് കൊണ്ടുപോയാൽ പ്രായോഗികമായ പരിഹാരമാകും. പരീക്ഷിച്ച് വിജയിച്ച മാർഗ്ഗമാണ്. ഇതല്ലാതെ മററൊരു മാർഗ്ഗവും ഉചിതമാകയില്ല. എല്ലാവരുടേയും മനസുകളെ ഈ വിധത്തിൽ ചിന്തിപ്പാൻ ദൈവം ഇട വരുത്തട്ടെ എന്നു പ്രത്യാശിക്കുന്നു.



# സഭയ്ക്കായി കർത്താവിനു നന്ദി

## J. C. ചോട്ട്

സഭയ്ക്കായി കർത്താവിനു നന്ദി കരേററുവാൻ പറയുമ്പോഠം ഞാൻ ഉദ്ദേശിച്ചതു ക്രിസ്തു പണിതതും ബൈബിളിൽ വായിക്കുന്നതും അവനുള്ളതുമായ ഏകസഭയാണ്. കർത്താവിൻെറ അംഗീകാരവും അനുഗ്രഹവും ഉള്ള ഏകസഭയും അതു മാത്രമാണ്. ധാരാളം സഭകഠം ഉണ്ട് എന്നതു ശരിയാണ്. അതിൻെറ അർത്ഥം തെററായ അനവധി സഭകളുണ്ട് എന്നതാണ്. മനുഷ്യനിർമ്മിതമായ അസംഖ്യം സംഘടനകഠം കർത്താവിൻെറ അംഗീകാരം കൂടാതെ അവനുള്ളതാണെന്നും അവൻേറതാണെന്നും അവകാശപ്പെടുന്നുണ്ട്. ദൈവത്തിൻെറ വചനത്തിൽ വായിക്കാത്ത ഏതെങ്കിലും സഭയിലെ അംഗമാണ് നിങ്ങഠം എങ്കിൽ ആ മതപരമായ സംഘം വിട്ട് ദൈവേഷ്ടം എന്തെന്ന് തിരിച്ചറിയാൻ അന്വേഷിക്കണം. കർത്താവിൻെറ കല്പനകഠം നിങ്ങഠം അനുസരിച്ചാൽ അവൻ നിങ്ങളെ അവൻെറ സഭയിൽ ചേർക്കും. അവനു യാതൊരു തെററും സംഭവിക്കാതെ ശരിയായ സഭയിൽ തന്നെ കർത്താവ് നിങ്ങളെ ചേർക്കുമെന്ന് ഉറപ്പിച്ച് വിശ്വസിക്കാം (പ്രവൃത്തി 2 വായിക്കുക).

സഭ രക്ഷിതാവല്ല എന്ന കാര്യം ഞാൻ വ്യക്തമാക്കിക്കൊള്ളട്ടെ. രക്ഷിക്കപ്പെട്ടവരാൽ ചേർക്കപ്പെട്ട ഒരു കൂട്ടം ആളുകളെയാണ് സഭ എന്നു വിവക്ഷിക്കുന്നതു (പ്രവൃത്തി 2:47). ക്രിസ്തുവാണ് രക്ഷിതാവ് ക്രിസ്തുവിനു മാത്രമെ നമ്മെ രക്ഷിക്കാൻ കഴിയൂ (തീത്തോസ് 2:13). അതേ സമയം ക്രിസ്തു തൻെറ സഭയെ പണിതു (മത്താ. 16:18). സഭയ്ക്കുവേണ്ടി അവൻ മരിച്ചു (എഫെസ്യർ

5:25). തന്റെ രക്തത്താൽ സഭയെ സമ്പാദിച്ചു (പ്രവൃ. 20:28). പിന്നീട് നമ്മോടു പറഞ്ഞിരിക്കുന്നതു, അവൻ ശരീരത്തിന്റെ രക്ഷിതാവും ശരീരം സഭയും ആണെന്നാണ്. ഭർത്താവു ഭാര്യക്കു തലയാകുന്നതുപോലെ ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭക്കു തലയാകുന്നു (എഫെസ്യർ 5:23). തുടർന്നു അപ്പോസ്തലനായ പൌലോസ് വിവരിക്കുന്നതു. ''അവൻ സഭ എന്ന ശരീരത്തിന്റെ തലയും ആകുന്നു; സകലത്തിലും താൻ മുമ്പനാകേണ്ടതിനു അവൻ ആരംഭവും മരിച്ചവരുടെ ഇടയിൽ നിന്നു ആദ്യനായി എഴുന്നേററവനും ആകുന്നു (കൊലൊ. 1:18).'' അതേ ലേഖകൻ നമ്മെ പ്രബോധിപ്പിക്കുന്ന മറെറാരു ഭാഗം ശ്രവിക്കുക. ''നിങ്ങളെവിളിച്ചപ്പോഠം ഏക പ്രത്യാശക്കായി നിങ്ങളെ വിളിച്ചതുപോലെ ശരീരം ഒന്നു, ആത്മാവു ഒന്നു, കർത്താവു ഒരുവൻ, വിശ്വാസം ഒന്നു, സ്നാനം ഒന്നു, എല്ലാവർക്കും മീതെയുള്ളവനും എല്ലാവരിലും കൂടി വ്യാപരിക്കുന്നവനും എല്ലാവരിലും ഇരിക്കുന്നവനുമായി എല്ലാവർക്കും ദൈവവും പിതാവുമായവൻ ഒരുവൻ (എഫെസ്യർ 4:4-6).

ഇപ്പോഠം ശരീരം ഒന്നു മാത്രമാണെങ്കിൽ, ആ ശരീരം സഭയാണെങ്കിൽ അതിന്റെ അർത്ഥം സഭ ഒന്നു മാത്രം എന്നതാണ്. സഭയാകുന്ന ശരീരത്തിന്റെ രക്ഷിതാവു ക്രിസ്തു മാത്രമാണെങ്കിൽ രക്ഷിക്കപ്പെടുവാൻ ആ ശരീരത്തിൽ, സഭയിൽ ആയിരിക്കണം എന്നതും പരമാർത്ഥമാണ്. ഒരാളെ കർത്താവു് രക്ഷിക്കുമ്പോഠം തീർച്ചയായും അയാളെ അവന്റെ സഭയോടു ചേർക്കും. അപ്പോഠം സഭയിൽ രക്ഷിക്കപ്പെട്ടവർ മാത്രമെ ഉണ്ടാകു എന്നു സ്പഷ്ടം. പിന്നീട് സഭയിലുള്ള അംഗങ്ങഠം എന്ന നിലക്ക് ശുദ്ധവും നിർമ്മലവുമായ ഭക്തിയോടെ ജീവിച്ച് ക്രിസ്തുവിന്റെ കാൽ ചുവടുകളെ പിൻപററി, ധാർമ്മികമായി, സത്യസന്ധമായി വസിച്ച്, കർത്താവിന്റെ

മക്കാം എന്ന പോലെ അവൻെറ ആവശ്യങ്ങൾ മുഴുവൻ നിറവേററുന്ന വിശ്വസ്തജീവിതം നയിക്കണം. അവൻെറ സഭയായി നാം നിലനില്ക്കണമെന്നാണ് കർത്താവിൻെറ ആഗ്രഹം. അങ്ങനെയായാൽ ഒരു നാൾ ''കറ, ചുളുക്കം മുതലായതു ഒന്നുമില്ലാതെ സഭയെ ശുദ്ധയും നിഷ്കളങ്കയുമായി തനിക്കു തന്നെ തേജസോടെ മുന്നിറുത്തും. (എഫെസ്യർ 5:27). അവസാനം മനുഷ്യപുത്രൻ തൻെറ ദൂതൻമാരെ അയക്കും; അവർ അവൻെറ രാജ്യത്തിൽ നിന്നു എല്ലാ ഇടർച്ചകളേയും അധർമ്മം പ്രവർത്തിക്കുന്നവരേയും കൂട്ടിച്ചേർത്തു തീച്ചൂളയിൽ ഇട്ടുകളയും (മത്താ. 13:41). ഇവിടെ പറയുന്ന രാജ്യം സഭയാണ് (മത്തായി 16:18-19). രക്ഷിക്കപ്പെടുവാനും, സഭയിലേക്കു ചേർക്കപ്പെടുവാനും സ്വർഗ്ഗത്തിലേക്കു പോകുവാനും ഒരാൾ കർത്താവിനെ അനുസരിക്കയും മരണപര്യന്തം വിശ്വസ്തരായിരിക്കയും വേണം എന്ന കാര്യം ഓർമ്മയിൽ സൂക്ഷിക്കണം (വെളിപ്പാട് 2:10). സഭയിൽ അംഗമായി തീർന്നശേഷം എങ്ങനെ ജീവിച്ചാലും സ്വർഗ്ഗത്തിൽ പോകാമെന്നു വിചാരിക്കേണ്ട. ക്രിസ്തു ശരീരത്തിൻെറ രക്ഷിതാവാണ്. അവൻെറ സഭയിൽ അംഗമാകാൻ രക്ഷിക്കപ്പെടുക മാത്രമല്ല, രക്ഷിക്കപ്പെട്ടവരായി തന്നെ മരണത്തോളം അവൻെറ സഭയിൽ ജീവിച്ചാലേ നിത്യരക്ഷ ഉറപ്പു വരുത്താൻ പററു.

ക്രിസ്തു മരിച്ച് രക്തം കൊടുത്തു സമ്പാദിച്ചു നിർമ്മിച്ചതായ ആ ഏക സഭയിൽ രക്ഷിക്കപ്പെട്ടു അംഗങ്ങളാകാൻ സാധിക്കുന്ന നാം അവനു എത്ര നന്ദിയുള്ളവരായിരിക്കണം! അംഗങ്ങളായി തീരുന്ന നമുക്കു അംഗത്വത്തോടുകൂടെ എല്ലാ നേട്ടങ്ങളും അവകാശങ്ങളും നമ്മെ അനുഗമിക്കും. ദൈവമക്കളായി തീരുന്ന നമുക്കു യേശു ക്രിസ്തു മൂലം പ്രാർത്ഥനയിൽ കൂടെ പിതാവിങ്കലേക്കു നമുക്കു പ്രവേശനം ഉണ്ട് (ഗലാ. 3:26, 27; 1 യോഹന്നാൻ 5:14). അങ്ങനെ അവൻെറ വാഗ്ദാനങ്ങൾ എല്ലായ്പ്പോഴും നമ്മോടുകൂടെ ഉണ്ടാകും (മത്തായി 28:19, 20).

ക്രിസ്തുജീവന്റെ പ്രത്യാശയോടൊപ്പം സകല ആത്മീയ അനുഗ്രഹങ്ങളും നമുക്കു ലഭ്യമാണ് (യോഹ. 14:13; എഫെസ്യർ 1:3). മാത്രമല്ല സഭയിലെ അംഗങ്ങളാകുമ്പോൾ പ്രാദേശികമായും സാർവ്വദേശികമായും നമുക്കു സഹോദരന്മാരും സഹോദരിമാരും ലഭിക്കുന്നു.

പിന്നീട് നാം ലോകത്തിൽ വെച്ച് ഏറ്റവും നല്ല ആളുകളുമായി ചേർന്നു ദൈവത്തെ ആരാധിക്കുവാനുള്ള അവസരവും ലഭിക്കുന്നു. അന്യോന്യം കൂട്ടായ്മ ആചരിക്കുവാനും പരസ്പരം സഹായിക്കുവാനും പ്രോൽസാഹിപ്പാനും പ്രവർത്തിപ്പാനും മഹത്തായ ഉദ്ദേശത്തിനുവേണ്ടി ഒരുങ്ങുവാനും കഴിയുന്നു. കർത്താവിനെ നാം ആരാധിക്കുമ്പോൾ നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ ആത്മീയ പരിശീലനം നേടുകയാണ് ചെയ്യുന്നത്. നാം ഏതു മേഖലയിൽ പ്രവർത്തിക്കുന്നവരായാലും അതു നമുക്കു പ്രയോജനപ്രദമായിത്തീരുന്നു. നാം ആദ്യമായി ആത്മീയ ബന്ധം പുലർത്തുവാൻ ആവശ്യമായിട്ടുള്ള ബന്ധം നമ്മുടെ സ്വഭാവത്തെയും ജീവിതശൈലിയെയും വളർത്തുന്നതിനു ഉപകരിക്കും. ആത്മീക വർദ്ധനക്കു ഉതകുന്ന രീതിയിലുള്ള വളർച്ചയ്ക്കിതു സംഭവിക്കുന്നതു. നമ്മുടെ വിവാഹമോ, നമ്മുടെ കുട്ടികളുടെ വിവാഹമോ ആയാലും പ്രാദേശിക ഇടവകയിലെ അംഗങ്ങളെയോ അതുമല്ലെങ്കിൽ രാജ്യത്തുള്ള ഏതെങ്കിലും ഒരു ഇടവകയിൽ നിന്നും പങ്കാളികളെ തിരഞ്ഞെടുക്കുന്നു. ഈ കാര്യങ്ങളിൽ കൂടെ ഈ ആളുകളുമായി നാം അടുത്ത് വളരെ അടുക്കുന്നതു കൊണ്ടു നാം അവർക്കും അവർ നമുക്കും കടപ്പെട്ടുള്ളവർ ആകുന്നു. സമയാസമയങ്ങളിൽ അങ്ങനെ നാം പൊതുവിലുള്ളവരായിത്തീർന്നു പരസ്പരം കാര്യങ്ങൾ ചർച്ച ചെയ്യും. കർത്താവിന്റെ കുടുംബമായ സഭയിൽ അംഗങ്ങളായിത്തീർന്നതു കൊണ്ട് ലഭിച്ച നന്മകൾ, അനുഗ്രഹങ്ങൾ എത്ര എത്രയാണെന്നു പരിശോധിക്കാവുന്നതും വിലയിരുത്താവുന്നതുമാണ്.

★

അതിനു ശേഷം മൊത്തത്തിൽ ലോകവുമായുള്ള ബന്ധത്തെക്കുറിച്ച് ചിന്തിക്കുന്നതു നന്നായിരിക്കും. ക്രിസ്ത്യാനി ലോകത്തിന്റെ വെളിച്ചമാണെന്നു പ്രസ്താവിച്ചിരിക്കുന്നു (മത്തായി 5:14, 15). ഒരു വ്യക്തിയെ സംബന്ധിച്ച് കാര്യം ഇങ്ങനെയാണെങ്കിൽ ഒരു പ്രദേശത്തെ ഇടവകയിലുള്ള എല്ലാ അംഗങ്ങളേയും ലോകത്തിലുള്ള ക്രിസ്ത്യാനികളെ മുഴുവനും എടുക്കുക. അവരെല്ലാം അന്ധകാരമായ ഈ ലോകത്തിൽ വെളിച്ചങ്ങളായി പ്രതിനിധാനം ചെയ്യുകയാണ് (1 യോഹന്നാൻ 1:5-7). ഈ വെളിച്ചങ്ങൾ ഒന്നും ലോകത്തിൽ ഇല്ലെങ്കിൽ എന്തായിരിക്കും സ്ഥിതി? അപ്പോൾ ലോകം മുഴുവൻ ഇരുട്ടായിരിക്കും. കർത്താവിനെ പ്രതിനിധീകരിക്കുന്നതിനു ആരും ഉണ്ടാകയില്ല; അങ്ങനെ വരുമ്പോൾ ലോകത്തെ നിലനിർത്തേണ്ട ആവശ്യം പിതാവിനും വരുന്നില്ല. അതിന്റെ അർത്ഥം, ഇന്നു ലോകം സ്ഥിതി ചെയ്യുന്നതു അതിൽ ജീവിക്കുന്ന സഭ നിമിത്തവും സഭയിലുള്ള അംഗങ്ങൾ, ക്രിസ്ത്യാനികൾ നിമിത്തവും ആണ് എന്നതാണ്. ലോകത്തിനു അതു ഊഹിക്കാൻ കഴിയുകയില്ല. സഭയിലുള്ള അംഗങ്ങളിൽ പലർക്കും അതു അറിഞ്ഞുകൂടാ എങ്കിലും അതു പരമാർത്ഥമാണ്. ഭൂമിയിൽ കർത്താവിന്റെ ജനം ഒന്നാണെന്നും അതിന്റെ വില വലുതാണെന്നും ഉള്ള അറിവ് ഒരാളിൽ ഉണ്ടാകുമ്പോൾ ഭൂമിയിൽ സഭയുടെ നിലനില്പിന് നാം എത്ര മാത്രം നന്ദിയുള്ളവരാകണം.

മുകളിൽ പ്രതിപാദിച്ച കാര്യങ്ങളെല്ലാം സ്മരിക്കുമ്പോൾ പൌലൊസ് പ്രസ്താവിച്ചതിൽ അതിശയിക്കാനില്ല. "എന്നാൽ നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പരമായി ചെയ്യുവാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവനു സഭയിലും ക്രിസ്തുയേശുവിലും എന്നേക്കും തലമുറ തലമുറയായും മഹത്വം ഉണ്ടാകട്ടെ. ആമേൻ (എഫെസ്യർ 3:20-21).

★

# ദൈവ വചനം

## ഹോലെ W. A.

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

4. ദൈവവചനത്തെ ദൂഷണപ്പെടുത്തുവാൻ ഒരാാംക്കു കഴിയും (തിത്തൊസ് 2:5; 1 തിമൊഥെയോസ് 6:1). ദൂഷണം പറയുക എന്നാൽ മോശമായി സംസാരിക്കുക എന്നർത്ഥം. ദൈവത്തെ, ക്രിസ്തുവിനെ, ദൈവത്തിൻെറ ഉപദേശത്തെ, ക്രിസ്തുവിൻെറ സഭയെ, വിശ്വസ്തരായ അവൻെറ സഭയിലെ അംഗങ്ങളെ എല്ലാം മോശമായി ഒരാാംക്കു സംസാരിക്കാൻ കഴിയും. സർവ്വശക്തനായ ദൈവത്തിൻെറ ആവശ്യങ്ങളെ അതേ പോലെ ഉാംക്കൊള്ളുവാൻ കഴിയാത്ത സ്ത്രീ പുരുഷൻമാരും യുവതീയുവാക്കളുമാണ് ദൈവവചനത്തോടു ദൂഷണം പറയുന്നതു (തിത്തൊസ് 2:1-8). വായനക്കാരായ നിങ്ങാം ഇവിടെ കൊടുത്തിട്ടുള്ള വാക്യങ്ങാം ശ്രദ്ധാപൂർവ്വം വായിച്ച് അതിൽ പ്രതിപാദിച്ചിരിക്കുന്ന അർത്ഥം അങ്ങനെ തന്നെ എടുക്കണം എന്ന അഭ്യർത്ഥനയാണ് ഞങ്ങാംക്കുള്ളതു.

5. ദൈവവചനത്തെ പലപ്പോഴും വികൃതമായി ഉപയോഗിക്കപ്പെടുന്നു (2 കൊരിന്ത്യർ 2:17). സത്യസന്ധമല്ലാത്ത നേട്ടത്തിനായി ദൈവവചനത്തെ ദുഷിപ്പിക്കുന്നവരുണ്ട്. മനുഷ്യാത്മാക്കളെ കച്ചവടവസ്തുവാക്കി മാററുന്ന ദുരുപദേഷ്ടാക്കൻമാരാണിവർ. അത്യാഗ്രഹവും അസത്യവുമാണ് അവരുടെ അടിസ്ഥാനം (തിത്തൊസ് 1:11; 2 പത്രൊസ് 2:3; യൂദാ 11; യെഹെ. 13:19).

6. അപ്പൊസ്തലൻമാരും ആദ്യകാല ശിഷ്യൻമാരും അവർ എത്ര പരിപാവനമായിട്ടാണ് ദൈവവചനത്തെ

സ്വീകരിക്കയും [illegible] ചെയ്തതു എന്നു ബൈബിളിൽ വ്യക്തമാക്കിയിരിക്കുന്നു. അവർ ലജ്ജാകരമായ രഹസ്യങ്ങളെ ത്യജിച്ചുകളഞ്ഞു ഉപായം പ്രയോഗിക്കാതെയും ദൈവവചനത്തിൽ കൂട്ടു ചേർക്കാതെയും സത്യം വെളിപ്പെടുത്തുന്നതിനാൽ ദൈവസന്നിധിയിൽ സകല മനുഷ്യരുടേയും മനസാക്ഷിക്കു തങ്ങളെ തന്നേ ബോദ്ധ്യമാക്കുന്നു (2 കൊരിന്ത്യർ 4:2). എന്താണ് ഉപായം പ്രയോഗിക്കുക എന്നാൽ? ആളുകളെ ആകർഷിക്കുവാൻ സാമൂഹ്യസേവനമോ അത്ഭുതപ്രചാരണമോ അല്ലെങ്കിൽ ദൈവവചനത്തിൽ ഇല്ലാത്ത പലതും കടമെടുക്കുന്ന രീതി എല്ലാം ഇതിൽ പെടും.

7. ചിലർ ദൈവവചനത്തിനു ഇടർച്ചയായിത്തീരുന്നു. "വിശ്വസിക്കാത്തവർക്കോ" വീടു പണിയുന്നവർ തള്ളിക്കളഞ്ഞ കല്ലു തന്നേ മൂലക്കല്ലും ഇടർച്ചക്കല്ലും തടങ്ങൽ പാറയും ആയി തീർന്നു. അവർ വചനം അനുസരിക്കായ്കയാൽ ഇടറിപ്പോകുന്നു; അതിന്നു അവരെ വെച്ചുമിരിക്കുന്നു (1 പത്രൊസ് 2:7, 8). ഇസ്രായേലിനു യേശുക്രിസ്തു ഇടർച്ചയായി തീർന്നു. കാരണം അവന്റെ ഉപദേശം, പ്രായശ്ചിത്തമരണം, ഉയിർപ്പ്, രാജ്യത്തിന്റെ സുവിശേഷം ഇവയെല്ലാം അവരുടെ ചിന്തകൾക്കും ആശയങ്ങൾക്കും എതിരായിരുന്നു. ദൈവശ്രേഷ്ടത്തെ തിരിച്ചറിയുവാനും സ്വീകരിപ്പാനും അവർ തയ്യാറായില്ല (റോമ. 9:32; ലൂക്കൊസ് 2:34). ഇന്നും നിരവധി പേർ ദൈവവചനം മുൻപാകെ ഇടറി വീഴുകയാണ്. പ്രത്യേകിച്ച് നാമധേയ വിഭാഗങ്ങൾ എല്ലാം തന്നെ.

★

# ക്രിസ്തുവിനെ അനുകരിക്കൽ

**ഡേവിഡ് തർമാൻ**

കഴിഞ്ഞ ഒരു ദിവസം ക്രിസ്തുവിന്റെ സഭയിലെ ഒരു ഇടവകയെ കുറിച്ച് ഞാൻ വായിക്കയുണ്ടായി. താല്പര്യജനകമായ പല സംഭവങ്ങളും അവിടെ നടക്കുന്നതായി വിവരിച്ചിരിക്കയാണ്. അവരുടെ യോഗത്തിൽ ധാരാളം ഉപദേഷ്ടാക്കൻമാരുണ്ട് എന്നു തോന്നുന്നു. മററുള്ളവർ സംസാരിച്ചു തീരുവാൻ കാത്തിരിക്കാതെ ചാടി എഴുന്നേററു പ്രസംഗിക്കാൻ ഒരുങ്ങുന്നവരുണ്ട്. ആരെങ്കിലും പ്രസംഗിക്കുന്നതിനിടയിൽ പോലും പാട്ടു നയിക്കുവാൻ പ്രാപ്തിയുള്ളവർ എഴുന്നേററു പാട്ടു പാടും. പ്രാർത്ഥന നടന്നുകൊണ്ടിരിക്കയാണെങ്കിലും അതിനെ തടസ്സപ്പെടുത്തുന്ന സ്ഥിതി പോലും അവർക്കിടയിൽ ഉണ്ടാകുന്നു. ക്രമരഹിതവും മാന്യരഹിതവുമായ സ്വഭാവം ഇവരിൽ എടുത്തു പറയാവുന്നതാണ്.

ഈ സഭയിൽ തിരശീലക്കു പിന്നിൽ ഒരെത്തിനോട്ടം നടത്തിയാൽ യഥാർത്ഥ പ്രശ്നം എന്തെന്നു നമുക്കു ബോധ്യമാകും. ഈ ക്രിസ്ത്യാനികളു പരസ്പരം ഒത്തു പോകുന്നില്ല. പല തരം സങ്കുചിത മനോഭാവക്കാർ ആ ഇടവകയിൽ ഉണ്ടായിരുന്നു. ഓരോ കൂട്ടവും മററൊന്നിനെ ഇഷ്ടപ്പെടാതിരിക്കുകയും തരം താഴ്ത്തുകയും ചെയ്തു കൊണ്ടിരിക്കയാണ്. ചില ഉപദേഷ്ടാക്കൻമാർ വളരെ താലന്തുള്ള പ്രസംഗകരാണ്. മററു ചിലർ സമർത്ഥരായ മൂപ്പൻമാരും ശുശ്രൂഷക്കാരുമാണ്. എന്നാൽ ഇവരിൽ ഒരു കൂട്ടവും മററൊന്നുമായി ഇണങ്ങിപോയിരുന്നില്ല. അവരുടെ സഭായോഗവും ശുശ്രൂഷകളും കുഴഞ്ഞു മറിഞ്ഞു കിടക്കുകയാണ്. അവരുടെ സമൂഹത്തിൽ നിലനിന്നിരുന്ന ലൈംഗിക അധാർമ്മികത്വം പോലും അവർക്കിടയിൽ

ഉണ്ടാകുമ്പോൾ അവർ അതു സഹിക്കുന്നവരായിരുന്നു. അധാർമ്മികതത്വത്തിൽ അധഃപതിച്ച സമൂഹത്തിനുപോലും ഈ സഭയുടെ പ്രവർത്തികൾ സഹിക്കാൻ പററാതായി എന്നു പറയുന്നതിൽ തെററില്ല.

കൊരിന്ത്യയിലെ ക്രിസ്തുവിൻെറ സഭയിലേക്കു സ്വാഗതം. ഈ പ്രശ്നങ്ങൾ എല്ലാം ഉണ്ടായിരുന്ന സഭയായിരുന്നു കൊരിന്ത്യാ സഭ. ഈ പ്രശ്നങ്ങൾ പരിഹരിക്കുവാൻ പൌലൊസ് അവർക്കു ലേഖനം എഴുതി അയക്കുകയാണ്. അങ്ങനെ ചെയ്യുന്നതിലൂടെ അപ്പൊസ്തലൻ അവർക്കു ധാരാളം പരിഹാരനിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ആ പരിഹാരങ്ങളിൽ ഒന്ന് ഇതായിരുന്നു. "ഞാൻ ക്രിസ്തുവിൻെറ അനുകാരിയായിരിക്കുന്നതുപോലെ നിങ്ങളും എൻെറ അനുകാരികൾ ആകുവിൻ" (1 കൊരി. 11:1). പൌലൊസ് എപ്രകാരം ക്രിസ്തുവിനെ അനുകരിക്കുന്നുവോ അതുപോലെ കൊരിന്ത്യയിലുള്ള സഭ പൌലൊസിനെ അനുകരിക്കണമെന്നാണ് പറയുന്നതു. ക്രിസ്തു ജീവിച്ചതുപോലെയുള്ള ജീവിതം നയിച്ചാൽ കൊരിന്തിലുള്ള പ്രശ്നം പരിഹരിക്കാം എന്നു പൌലോസിനു അറിയാമായിരുന്നു. സാത്താൻെറ പദ്ധതികളെ പരാജയപ്പെടുത്തുന്ന ജീവിതമായിരുന്നു ക്രിസ്തുവിൻേറത്. ഏതു സഭയിലായാലും പ്രശ്നപരിഹാരത്തിനും ഏതു സാഹചര്യത്തിലും ദൈവത്തെ പ്രസാദിപ്പിക്കുന്നതിനും യേശു ജീവിച്ചതുപോലെയുള്ള ജീവിതമാണ് ആവശ്യം.

## അവൻെറ മനസലിവ് അനുകരിക്കുക

യേശുക്രിസ്തുവിൻെറ മഹത്തായ സ്വഭാവങ്ങളിൽ ഒന്നു തനിക്കു ചുററുമുള്ള ആളുകളോടു അവൻ കരുണാർദ്രവാനായിരുന്നു എന്നതാണ്. "ഒരു കുഷ്ഠരോഗി അവൻെറ അടുക്കൽ വന്നു മുട്ടുകുത്തി; നിനക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും എന്നു അപേക്ഷിച്ചു. യേശു മനസലിഞ്ഞു കൈ നീട്ടി അവനെ തൊട്ടു;

മനസുണ്ട്, ശുദ്ധമാക എന്നു പറഞ്ഞ ഉടനെ കുഷ്ഠം വിട്ടുമാറി അവന്നു ശുദ്ധി വന്നു (മർക്കൊസ് 1:40-42). കുഷ്ഠരോഗികളെ സ്പർശിക്കുന്നതു അശുദ്ധവും വിഡ്ഢിത്തവുമായി കണക്കാക്കിയിരുന്നു. ന്യായപ്രമാണ പ്രകാരം ഒരാൾ കുഷ്ഠരോഗിയെ തൊട്ടാൽ അവൻ അശുദ്ധനായിത്തീരും എന്നതായിരുന്നു ഒരു കാരണം. മററൊന്ന് കുഷ്ഠം പിടിപ്പെട്ട രോഗിയെ തൊടുന്നവർക്കു അതു പകരും എന്നുള്ളതുകൊണ്ട് തൊട്ടാൽ അതു വിഡ്ഢിത്തമാകും. ഈ അപകടങ്ങൾ രണ്ടും അറിഞ്ഞുകൊണ്ടു തന്നെ അനേക വർഷങ്ങളായി മനുഷ്യരുടെ സ്പർശനം ഏല്ക്കാതിരുന്ന കുഷ്ഠരോഗിയെ അവൻ തൊട്ടു. ഒരു പക്ഷെ അയാളുടെ ഭാര്യയോ മക്കളോ അവനെ തൊടുവാനോ ഒന്ന് ചുംബിക്കുവാനോ തയ്യാറാകുമായിരുന്നില്ല. ആരും തന്നെ ആ രോഗിക്കു കൈ കൊടുക്കാനും ധൈര്യപ്പെട്ടിരുന്നില്ല. മററു മനുഷ്യരുടെ ബന്ധം ഇല്ലാതെ ആ രോഗി എത്ര നാൾ അങ്ങനെ കഴിഞ്ഞിരിക്കും? എന്നാൽ മനസലിവുള്ള യേശു അവൻെറ അടുക്കൽ ചെന്നു അവനെ തൊട്ടു അവൻെറ രോഗം ഭേദമാക്കി, ദീനവും വ്യാധിയും വരുന്ന സാഹചര്യത്തിൽ അവർക്കു കരുണയും ആർദ്രതയും ആണ് ആവശ്യം. അതു നൽകുവാൻ നാം ഓരോരുത്തരും തയ്യാറാവണം.

അവസാനത്തെ അത്താഴത്തിൽ ഇതേപോലെയുള്ള സ്നേഹമാണ് യേശുവിനെ ചലിപ്പിച്ചതു. "അത്താഴത്തിൽ നിന്നു എഴുന്നേററു വസ്ത്രം ഊരിവെച്ചു ഒരു തുവർത്തു എടുത്തു അരയിൽ ചുററി ഒരു പാത്രത്തിൽ വെള്ളം പകർന്നു ശിഷ്യൻമാരുടെ കാൽ കഴുകുവാനും അരയിൽ ചുററിയിരുന്ന തുണികൊണ്ടു തുവർത്തുവാനും തുടങ്ങി (യോഹന്നാൻ 13:4-5). തൻെറ ശിഷ്യൻമാരുടെ ആവശ്യം അവൻ മനസിലാക്കി. തങ്ങളുടെ പദവിയെക്കുറിച്ചും ആരായിരിക്കും വലിയവൻ എന്നതിനെ കുറിച്ചും ഉള്ള തർക്കങ്ങൾ യേശു അറിഞ്ഞു. സ്നേഹത്തിനു ചെയ്യാൻ കഴിയുന്നതു അവൻ അവർക്ക് കാണിച്ചുകൊടുത്തു.

തൻെറ പദവിയെ യേശു ഉപേക്ഷിച്ച് അവരോടുള്ള സ്നേഹത്താൽ തന്നെത്താൻ താഴ്ത്തി അവൻ അവരുടെ ശുശ്രൂഷകനായി മാറി. മനുഷ്യർക്ക് അതു ഗ്രഹിക്കുവാനോ അനുമോദിക്കാനോ കഴിയാത്ത പ്രവൃത്തിയായിരുന്നു എന്നു പറയാം.

ഈ വിധത്തിൽ ക്രിസ്തുവിനെ അവർ അനുകരിച്ചാൽ കൊരിന്തിലുള്ള പ്രശ്നങ്ങളെല്ലാം പരിഹരിക്കാം. തങ്ങളുടെ സ്വന്തം ആവശ്യങ്ങളേക്കാൾ മററുള്ളവരുടെ ആവശ്യങ്ങൾ നിറവേററുവാൻ അവരെ നിർബന്ധിക്കുന്ന മനോഭാവമാണ് മനസലിവ്. സഭായോഗത്തിൽ മററുള്ളവർക്കുവേണ്ടി കാത്തിരിക്കുക എന്നതു സ്നേഹത്താൽ താഴ്ന്നുകൊടുക്കുന്ന ഒരു സ്വഭാവമാണ്. ശക്തരായവർ തങ്ങളുടെ ബലഹീന സഹോദരങ്ങളോട് ദയവും ആർദ്രതയും പ്രകടിപ്പിക്കുവാൻ സ്നേഹം അനിവാര്യമാണ്.

ഇത്തരത്തിൽ ക്രിസ്തുവിനെ അനുകരിച്ചാൽ സഭയിലെ പ്രശ്നങ്ങൾ ഇന്നും പരിഹരിക്കാം. സമൂഹത്തിൽ ഒഴിഞ്ഞുനിൽക്കുന്നവരേയും അയോഗ്യരേയും ചെന്നു കാണുവാനുള്ള സാഹസം സഭ ഏറെറടുക്കുവാൻ തുനിഞ്ഞാൽ വളരാതിരിക്കുന്ന സഭാപ്രശ്നം പരിഹരിക്കപ്പെടും. ലഹളക്കാരുടെ അടുക്കൽ ചെന്നു അവരുടെ കാലുകൾ കഴുകാനുള്ള സന്മനോഭാവം നമുക്ക് ഉണ്ടെങ്കിൽ അതായതു നമ്മുടെ പ്രയത്നവും ഭാരവും മനസിലാക്കാത്തവരുടെ ശുശ്രൂഷക്കുപോലും നാം തയ്യാറാകുമ്പോൾ ലഹള തനിയെ ഇല്ലാതാകും. യേശുക്രിസ്തുവിൻെറ കാലയളവിൽ തൻെറ പദവിയെക്കാൾ മനസലിവ് എത്രയോ ശക്തമാണെന്ന് ക്രിസ്തു തെളിയിച്ചു. ക്രിസ്ത്യാനികൾ ഇന്ന് താഴ്മ എന്താണെന്നു പഠിക്കേണ്ടതുണ്ട്.

★

(ശേഷം അടുത്ത ലക്കത്തിൽ)

കവിത

# മുപ്പതു വെള്ളികാശ്

E. K. തേപ്പുപാറ

കല്ലും കനിയുമേ നാഥൻെറ വാക്കിനാൽ,
സ്നേഹം പകർന്നുള്ള വാക്കുകളാലവേ.
കൊല്ലും കൊലയുമകന്നുപോമെപ്പൊഴും,
അല്ലലും ഞെട്ടലും വിട്ടുപോമെപ്പൊഴും
പാരിൽ പിറന്ന പൊന്നേശുമഹേശനെ,
കൊന്നു മുടിച്ചൊരു യൂദപരമ്പരേ.
നിങ്ങളെ സ്വന്തമെന്നെങ്ങനെ ചൊല്ലുമേ,
നിങ്ങളു തന്നെ പറയുമോ ഇദ്ധരേ.
കാണുകിൽ ലോകം ജനിക്കും മുൻപന്നവൻ,
പേരുരച്ചീടുകിൽ ശ്രീയേശുമന്നവൻ,
കാലിത്തൊഴുത്തിൽ പിറന്നെന്നറിയുമോ,
കാൽകരം ആണിയാൽ തല്ലിതകർക്കുമെ-
ന്നാരാനു മുണ്ടോ നിരൂപിച്ചതിദ്ധരേ,
പാപം വമിക്കുന്ന പാഴ്മരുഭൂമിയിൽ.
ഭാരം വലിക്കുന്നു മാനവരത്രയും,
ചുററാൻ മടിക്കുന്ന വിസ്മയ ലോകമോ,
പൊട്ടിതകരുന്നു കണ്ടിടത്തൊക്കെയും,
ദുഃഖം ചുമക്കുന്ന മാനവരാശിയെ
ഉള്ളം തുറന്നുവിളിച്ച പൊന്നേശുവെ;
കുത്തിതുളച്ചു ചുമപ്പിച്ചു ക്രൂശ്മരം.
സ്വന്തമെന്നോതിയവർ ഒന്നുനുറുങ്ങിആ,
കാൽവറി മന്നനെ ചാട്ടയാൽ തല്ലിയും.
പാപക്കറയാൽ പുരളുന്ന മണ്ണിലെ,
മാനവമക്കളെ തേടിവന്നീശനെ.
ഒററിക്കൊടുത്തഹോ മുപ്പതു കാശിനായ്,
കൂടെ നടന്നൊരു കുട്ടിപിശാചിൻെറ
പേരെന്നു കേൾക്കുകിൽ യൂദയെന്നാകുമേ,
പൊന്നേശുതമ്പുരാൻ ചൊൽവതു കേൾക്കുകിൽ.

★

# യഥാർത്ഥ ക്രിസ്ത്യാനിത്വം അപൂർവ്വം

### ഹാർവെ പോർട്ടർ

ഒരു ശരാശരി പൗരനെ സൂചിപ്പിച്ചുകൊണ്ട് ആളുകൾ പറയാറുള്ളതു "ഒരു നല്ല ക്രിസ്ത്യാനിയെ പോലെ" എന്ന് ആണ്. യേശുവിനെ കുറിച്ച് കുറച്ചു മാത്രം അറിയുകയും ഒരിക്കലും ബൈബിൾ വായിക്കയോ പ്രാർത്ഥിക്കയോ ചെയ്യാതിരുന്നാലും ജനങ്ങൾക്കിടയിൽ മിക്കവാറും കാണപ്പെടുന്നവനാകകൊണ്ട് ആളുകൾ അവനെ അല്ലെങ്കിൽ അവളെ ക്രിസ്ത്യാനി എന്നു വിളിക്കും.

നമ്മുടെ നിലവാരം കർത്താവിന്റേതിൽ നിന്നും വ്യത്യസ്ഥമാണ്. സഭയിലുള്ള നിലവാരവും വ്യത്യസ്ഥമാണ് എന്നു ഞാൻ എടുത്തുപറയട്ടെ. ഒരു നല്ല ക്രിസ്ത്യാനിയുടെ ചിത്രം നമ്മുടെ മനസിലും ഉണ്ട്. സ്നേഹമുള്ള, ജൻമസിദ്ധമായ കഴിവുകൾ ഉള്ള, ആരാധനക്കു തുടർച്ചയായി സംബന്ധിക്കുന്ന, ക്ലാസുകളിൽ സംബന്ധിക്കുകയും ഉദാരമായി നൽകുകയും തുടങ്ങിയ മററനേകം ഗുണങ്ങൾ ഉള്ള ഒരാളെ ആ വിധത്തിൽ നാം കണക്കാക്കുന്നു.

തന്റെ അനുയായികളുടെ സ്വഭാവം എന്തായിരിക്കുമെന്ന് യേശുക്രിസ്തു വ്യക്തമാക്കിയിട്ടുണ്ട്. അതു നമ്മെ മാനസികാസ്വസ്ഥതയിൽ ആഴ്ത്തുന്നു. കാരണം, പരമാർത്ഥത്തിൽ അങ്ങനെയുള്ള ഒരു വ്യക്തിയെ പലപ്പോഴും നാം കാണാറില്ല.

"എന്നാൽ കേൾക്കുന്നവരായ നിങ്ങളോടു ഞാൻ പറയുന്നതു: നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ, നിങ്ങളെ പകെക്കുന്നവർക്കു ഗുണം ചെയ്‌വിൻ. നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിപ്പിൻ; നിങ്ങളെ ദുഷിക്കുന്നവർക്കു

വേണ്ടി പ്രാർത്ഥിപ്പിൻ. നിന്നെ ഒരു ചെകിട്ടത്തു് അടിക്കുന്നവനു മറേറതും കാണിച്ചുകൊടുക്ക; നിൻെറ പുതപ്പു എടുത്തു കളയുന്നവനു വസ്ത്രവും തടുക്കരുതു. നിന്നോടു ചോദിക്കുന്ന ഏവനും കൊടുക്ക. നിനക്കുള്ളതു എടുത്തു കളയുന്നവനോടു മടക്കി ചോദിക്കരുതു. മനുഷ്യർ നിങ്ങൾക്കു ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്നതുപോലെ തന്നേ അവർക്കും ചെയ്‌വിൻ''

(ലൂക്കൊസ് 6:27-31).

സഭയിൽ, നമ്മുടെ ഭൗതികകുടുംബത്തെ സ്നേഹിക്കുവാൻ നാം പഠിച്ചുകൊണ്ടുവരികയാണ്. അതായതു ഭർത്താവ്, ഭാര്യ, മക്കൾ, മാതാപിതാക്കൾ എന്നിവർ തമ്മിൽ അന്യോന്യം പ്രകടിപ്പിക്കേണ്ടതായ ഈ സ്വഭാവത്തിൽ നാം എത്രമാത്രം വളർന്നിട്ടുണ്ട് എന്നു ചിന്തിക്കുക. ഇതെല്ലാം അവിശ്വാസികൾ ചെയ്യുന്നുണ്ട് എന്നത്രെ കർത്താവ് പറഞ്ഞതു. ഇതിൽ അധികമായി ഒരാൾ പ്രതീക്ഷിക്കണം. സഭയിൽ ഓരോരുത്തരുമായി സ്നേഹിക്കുവാൻ പഠിച്ചുവരികയാണ്. ദൈവത്തിൻെറ ഭവനമായ സഭയിലുള്ള എല്ലാവരേയും നാം സ്നേഹിക്കേണ്ടതാകുന്നു. നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു പുതിയോരു കൽപന ഞാൻ നിങ്ങൾക്കു തരുന്നു; ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നു തന്നേ. നിങ്ങൾക്കു തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എൻെറ ശിഷ്യൻമാർ എന്നു എല്ലാവരും അറിയും. (യോഹന്നാൻ 13:34-35).

സ്നേഹം, ദയ, ബഹുമാനം എന്നീ സ്വഭാവഗുണങ്ങൾ ഒരാൾ തൻെറ കുടുംബാംഗങ്ങളോടു അനുവർത്തിക്കേണ്ടതാണ്. ദൈവത്തിൻെറ എല്ലാ സൃഷ്ടികളിൽ നിന്നും ഇതു പ്രതീക്ഷിക്കുന്നു. ക്രിസ്തുവിനെ അറിയാത്തവരും അവരുടെ കുടുംബത്തിലുള്ളവരോടു മാന്യമായി പെരുമാറുന്നുണ്ട്. എന്നാൽ ക്രിസ്ത്യാനികളായവർ അധികം അറിവുണ്ടായിട്ടും അങ്ങനെ ചെയ്യാത്തവർ ധാരാളമുണ്ട്.

രണ്ടാമത്തേതു് അൽപം പ്രയാസമുള്ളതാണ്. ഒരേ കർത്താവിനെ അനുസരിക്കുകയും ഒരേ ദൈവത്തെ അന്വേഷിച്ച് സേവിക്കുന്നവരായ ആളുകളെ സ്നേഹിക്കയും കരുതുകയും ചെയ്യണം എന്നു ആവശ്യപ്പെടുന്നതാണ് ഇതു. ആത്മീയമായി അതൊരു കൂട്ടായ്മയാണ്, ഒരു ശരീരവും കുടുംബവുമാണ്. ഇതു ചിലർക്കു മനസിലാക്കുവാൻ പ്രയാസമാണ്. ചിലർ പ്രതികരിക്കേണ്ടതു പോലെ ഇതിനെ പ്രതികരിക്കുന്നില്ല, ചിലർ നമ്മെ തിരിച്ച് സ്നേഹിക്കുന്നില്ല. നമ്മുടെ പ്രതികരണം എന്തായിരിക്കണം ? ചിലർ ആ കാരണത്താൽ സഭ വിട്ടുപോകുക പോലും ചെയ്യുന്നു. ചിലർ ദയവോടുകൂടി ഇടപെടും. സ്നേഹിക്കാത്തവരേയും അതുപോലെ നേരിടും. ഇവിടെ യേശു നിരാശപ്പെടുകയാണ്. അവൻ നമ്മിൽ നിന്നും അധികമായി പ്രതീക്ഷിക്കുന്നു.

എല്ലാററിലും കഠിനമേറിയതാണ് മൂന്നാമത്തേത്. നിങ്ങൾക്കു ശരിയായി അറിഞ്ഞുകൂടാത്തവരേയും നിങ്ങളെ വെറുത്തവരേയും, ഉപദ്രവിച്ചവരേയും ശപിച്ചവരേയും സ്നേഹിക്കണം എന്നു പറയുമ്പോൾ വിഷമമുണ്ടാകും. പക്ഷെ പ്രായോഗികമാക്കുമ്പോൾ അനവധി പ്രശ്നങ്ങൾ വരുവാനിടയുള്ളതു ഒഴിവാകും. യേശുക്രിസ്തു പറഞ്ഞതു: അവർക്കുവേണ്ടി പ്രാർത്ഥിക്കുക; അടിക്കുന്നവർക്കു മറുചെകിട് കാണിച്ചുകൊടുക്കുക, ചോദിക്കുന്നവർക്കു കൊടുക്കുക എന്നാണ്. നമുക്ക് എല്ലാവർക്കും ഇതു അറിയാം അല്ലേ ? ലോകത്തിലുള്ളവർ അന്യോന്യം പെരുമാറേണ്ട രീതിയിലല്ല പെരുമാറുന്നതു. നമ്മോടു എതിർക്കുന്നവരോടു എതിർക്കുവാനുള്ള അവകാശം നമുക്കുണ്ട് എന്ന നയമാണ് നാം പ്രകടിപ്പിക്കുന്നതു. വീട്ടിൽ ആയാലും ശരി, മററവിടെ ആയാലും സ്ഥിതിഗതികൾക്കു മാററമില്ല. പ്രതികാരപൂർവ്വം പ്രതികരിച്ചില്ലെങ്കിൽ ആളുകൾ നമ്മെ തരം താഴ്ത്തികളയുകയില്ലേ ? പക്ഷെ ദൈവമോ ?

★

# പ്രവൃത്തി

ജെ. ഫ്രാൻസീസ്

ഭാഷാ സാഹിത്യത്തിൽ ക്രിയയുടെ സ്ഥാനം വലുതാണ്; പ്രാധാന്യമുള്ളതാണ്. ക്രിയ ഇല്ലാതെ ഒരു ഭാഷയിലും ഒരു വാചകം പൂർണ്ണമായി എഴുതുവാൻ സാധിക്കുകയില്ല. അതുപോലെയാണ് മനുഷ്യജീവിതത്തിലും പ്രവൃത്തി. പ്രവൃത്തി ഇല്ലാതെ ഒരു ജീവിതവും പൂർണ്ണമാകുന്നില്ല. ഒരു കുഞ്ഞു ലോകത്തിൽ വരുന്ന നിമിഷം മുതൽ മരിക്കുന്നതുവരെ സ്വയം പ്രവർത്തിക്കുന്നു. മനുഷ്യൻ മാത്രമല്ല ജീവനുള്ള സകല ചരാചരങ്ങളും പ്രവർത്തിക്കുന്നു. എങ്കിൽ മാത്രമെ അവക്കു ജീവൻ നിലനിർത്തുവാൻ സാധിക്കുകയുള്ളു. ചുരുക്കിപറഞ്ഞാൽ ദൈവം സൃഷ്ടിച്ചതെല്ലാം പ്രവർത്തിച്ചേ മതിയാകൂ. ഗ്രഹങ്ങൾ, ഉപഗ്രഹങ്ങൾ തുടങ്ങിയവ എല്ലാം ഇന്നും പ്രവർത്തിക്കുന്നു. ഇത്ര പ്രാധാന്യമുള്ള പ്രവൃത്തി എന്താണെന്നു ആരെങ്കിലും ചിന്തിച്ചിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുന്നു.

പ്രവൃത്തി എന്താണെന്നു വിശകലനം ചെയ്യാം. ശരീരവും മനസ്സും ഉള്ള മനുഷ്യൻെറ പ്രവൃത്തിയെയാണ് ഞാൻ ഇതിൽ ഉദ്ദേശിക്കുന്നത്. ദൈവത്തിൻെറ മററു സൃഷ്ടികളിൽ ശരീരവും മനസ്സും മനുഷ്യനെപ്പോലെ ഇല്ല. അതിനാൽ അവ സ്വയം പ്രവർത്തിക്കുന്നു. മനുഷ്യൻ പൂർണ്ണമായി പ്രവർത്തിക്കണമെങ്കിൽ ശരീരവും മനസ്സും ഒന്നാകണം. അവ ഒന്നാകണമെങ്കിൽ പ്രവൃത്തി പൂർണ്ണമായിരിക്കുകയില്ല. അപ്പോൾ ശരീരവും മനസ്സും ഒന്നാകുമ്പോൾ അവയിൽ നിന്നും വ്യത്യസ്ഥമായ മറെറാന്നു രൂപീകരിക്കപ്പെടുന്നു. അതാണു പൂർണ്ണമായ പ്രവൃത്തി. ഈ ലേഖനം വായിക്കുന്ന നിങ്ങൾ, വായിക്കുന്ന പ്രവൃത്തി ചെയ്യുന്നു. അപ്പോൾ നിങ്ങളുടെ ശരീരവും മനസ്സും

ഒന്നാകുന്നില്ലായെങ്കിൽ വായിക്കുന്നു എന്ന പ്രവൃത്തി നിങ്ങൾ ചെയ്യുമായിരിക്കും. എന്നാൽ അതു പൂർണ്ണമായിരിക്കുകയില്ല, അതിനാൽ ഈ ലേഖനത്തിൻെറ ഒരംശം പോലും ഗ്രഹിക്കുവാൻ നിങ്ങൾക്കു സാധിക്കുകയില്ല.

ബൈബിൾ തുടങ്ങുന്നതു ഉൽപത്തിപുസ്തകം കൊണ്ടാണല്ലോ. അതിൻെറ തുടക്കം നോക്കാം. ''ആദിയിൽ ദൈവം ആകാശവും ഭൂമിയും **സൃഷ്ടിച്ചു**'' (ഉല്പ. 1:1). ''സൃഷ്ടിച്ചു'' എന്ന പ്രവൃത്തി കൊണ്ടു ബൈബിൾ തുടങ്ങിയിരിക്കുന്നു. ബൈബിൾ അവസാനിക്കുന്നത് വെളിപ്പാട് 22:21 വാക്യം കൊണ്ടാണ്. ''കർത്താവായ യേശുക്രിസ്തുവിൻെറ കൃപ നിങ്ങളോടെല്ലാവരോടും കൂടെ **ഇരിക്കുമാറാകട്ടെ**.'' ''ഇരിക്കുമാറാകട്ടെ'' എന്ന യോഹന്നാൻെറ ആഗ്രഹമാകുന്ന പ്രവൃത്തികൊണ്ട് ബൈബിൾ അവസാനിക്കുന്നു. ബൈബിളിൻെറ ഉള്ളിലേക്ക് കടന്നാൽ ദൈവത്തിൻെറയും മനുഷ്യൻെറയും സാത്താൻെറയും പ്രവൃത്തികൾ നമുക്കു കാണുവാൻ കഴിയും.

ദൈവം സ്നേഹമാകുന്നു എന്നു പറയുന്നതുപോലെ ദൈവം നല്ല പ്രവൃത്തി ആകുന്നു എന്നു പറയുന്നതിൽ തെററില്ല. ദൈവം പ്രവൃത്തിയാകുന്നു എന്നു പറഞ്ഞാൽ തെററും. കാരണം സാത്താനും പ്രവൃത്തിയാകുന്നു. അവനു നല്ല പ്രവൃത്തി ആകുവാൻ കഴിയുകയില്ല. ഉല്പത്തി ഒന്നാം അദ്ധ്യായം പരിശോധിച്ചാൽ അവൻ ആറു ദിവസം പൂർണ്ണമായി പ്രവൃത്തിച്ചിരുന്നതായി കാണാം. ആ അവസരത്തിൽ അവൻ വിശ്രമിച്ചിരുന്നതായി കാണുന്നില്ല. എന്നാൽ ഏഴാം ദിവസം അവൻ പൂർണ്ണമായി വിശ്രമിച്ചു. ആറു ദിവസങ്ങൾ കൊണ്ടു സൃഷ്ടി എന്ന പ്രവൃത്തി അവൻ പൂർണ്ണമാക്കി. താൻ സൃഷ്ടിച്ചതിനെയെല്ലാം പരിപാലിക്കുക എന്ന അടുത്ത പ്രവൃത്തിയിലേക്കു കടക്കുന്നതിനുമുമ്പായുള്ള ഒരു ദിവസമാണ് ഏഴാം ദിവസം. അന്ന് അവൻ പൂർണ്ണമായി വിശ്രമിച്ചു.

അവന്റെ ആദ്യപ്രവൃത്തിയായ സൃഷ്ടിയെ കുറിച്ചു ചിന്തിക്കാം. അതു പൂർണ്ണമായതാണ്. അവൻ സൃഷ്ടിച്ച നിസ്സാരമായ ഒരു പുല്ലിൽ നിന്നും വ്യത്യസ്തമായ മറെറാരു സസ്യത്തെ ഉൽപാദിപ്പിക്കുവാൻ മനുഷ്യനു സാധിക്കുകയില്ല. നിസ്സാരമായ പുല്ലിനെ മാററുവാൻ സാധിക്കാത്ത മനുഷ്യൻ അവന്റെ മററു സൃഷ്ടികളിൽ നിന്നു ഏതൊന്നിനെയാണു മറെറാന്നാക്കി മാററുവാൻ സാധിക്കുന്നത്. ഒരു മനുഷ്യന്റെ ഹൃദയം, രക്തം, കണ്ണു എന്നിവ മാററി മറെറാരു മനുഷ്യനിൽ പിടിപ്പിക്കുവാൻ നമുക്കു ഇന്നു കഴിയും. എന്നാൽ അതു സൃഷ്ടിക്കുവാൻ നമുക്കു കഴിയുകയില്ല. ഇനി മനുഷ്യന്റെ കാലിന്റെ സ്ഥാനത്തു കൈയ്യോ, കൈയ്യുടെ സ്ഥാനത്തു കാലോ വച്ചു പിടിപ്പിച്ചാൽ അവന്റെ സ്ഥിതി എന്തായിരിക്കും? അവനു പ്രവൃത്തിക്കുവാൻ കഴിയാതെ വരുന്നു. ഇതിൽ നിന്നും ദൈവം എത്ര സൂക്ഷ്മതയോടുകൂടി സൃഷ്ടി എന്ന പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നു.

സത്യം പറയുക, പ്രവർത്തിക്കുക എന്നത് ദൈവത്തിന്റെ മററു പ്രവൃത്തികളാണ്. ആദാമിനെയും ഹവ്വയേയും അവൻ ഏദൻതോട്ടത്തിൽ ആക്കി. അപ്പോഠം അവൻ അവരോടു പറഞ്ഞു, ''തോട്ടത്തിലെ സകല വൃക്ഷങ്ങളുടെയും ഫലം നിനക്കു ഇഷ്ടം പോലെ തിന്നാം. എന്നാൽ നൻമ തിൻമകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുത്. തിന്നുന്ന നാളിൽ നീ മരിക്കും'' (ഉൽപത്തി 2:16, 17). അതു തിന്നപ്പോഠം അവർ മരിച്ചു. ശാരീരികമായിട്ടല്ല. ആത്മികമായിട്ടു. നോഹയുടെ കാലത്തു ഈ ലോകത്തെ ജലപ്രളയം കൊണ്ടു നശിപ്പിക്കുമെന്നും നോഹയേയും കുടുംബത്തെയും രക്ഷിക്കുമെന്നും അവൻ പറഞ്ഞു. അപ്രകാരം സംഭവിച്ചു (ഉല്പ. 6:17, 18; 7:21-24). ഇതുപോലെ അനേക ദൃഷ്ടാന്തങ്ങഠം നമുക്കു ബൈബിളിൽ കാണുവാൻ കഴിയും. മേൽ പറഞ്ഞവയെല്ലാം

ദൈവം സത്യം പറയുകയും പ്രവർത്തിക്കുകയും ചെയ്ത
തിൻെറ തെളിവുകൾ മാത്രമാണ്.

ദൈവം മനുഷ്യനെ സൃഷ്ടിച്ചതു അവൻെറ സാദൃശ്യ
ത്തിലായിരുന്നു. അവൻെറ മററു സൃഷ്ടികൾക്കു അതു
ഇല്ലായിരുന്നു. അതിനാൽ മനുഷ്യർ മാത്രം അവൻെറ
മക്കളാകുന്നു. അവർ അവനിൽ നിന്നും വ്യത്യസ്തരായ
ഒന്നല്ല. മനുഷ്യരും അവനെപ്പോലെ ആയി തീരണമെന്നു
അവൻ ആഗ്രഹിച്ചു. അതിനാൽ തൻെറ സാദൃശ്യം അവനു
നൽകി തോട്ടത്തിൽ വേല ചെയ്യുവാനും കാപ്പാനും
ആക്കി തോട്ടത്തിൽ വേല ചെയ്യുന്ന കാര്യത്തിൽ അവൻ
വീഴ്ച വരുത്തിയതായി ബൈബിളിൽ കാണുന്നില്ല.
അതിനാൽ അവൻ നന്നായി തോട്ടത്തിൽ വേല ചെയ്തിരി
ക്കാം, എന്നു നമുക്കു അനുമാനിക്കാം. എന്നാൽ തോട്ടത്തെ
കാത്തുകൊള്ളുന്ന കാര്യത്തിൽ അവൻ വീഴ്ച വരുത്തി.
ദൈവത്തിൻെറ ശത്രു തോട്ടത്തിൽ കടക്കുവാൻ കണ്ടെത്തിയ
മാർഗ്ഗം പാമ്പ് ആവുകയായിരുന്നു. അവൻ പാമ്പിൻെറ
രൂപത്തിൽ തോട്ടത്തിൽ കടന്നു. സ്ത്രീയെ സമീപിച്ചു.
അവളുമായി നർമ്മസംഭാഷണത്തിൽ മുഴുകി. തോട്ടത്തെ
കാത്തുകൊള്ളേണ്ട സ്ത്രീ പാമ്പുമായി നർമ്മസംഭാഷണ
ത്തിൽ മുഴുകേണ്ട കാര്യമില്ലായിരുന്നു. അപ്രതീക്ഷിത
മായി തോട്ടത്തിൽ കടന്നുവന്നു അവളുമായി സംസാരിക്കു
വാൻ ആരംഭിച്ച പാമ്പിനെ കുറിച്ചുള്ള വിവരം അവൾ
ആദാമിനെ അറിയിക്കേണ്ടതായിരുന്നു. എന്നാൽ അവൾ
അതു ചെയ്തില്ല. പകരം പാമ്പിനെ വിശ്വസിച്ചു. ഫലം
പറിച്ചു തിന്നു. അവൾ ദൈവത്തെയും ആദാമിനെയും
കാൾ വലുതായി പാമ്പിനെ കണ്ടു. ഇതാണു അവളുടെ
ഈ പ്രവൃത്തി സൂചിപ്പിക്കുന്നത്. ഫലം തിന്നതിനു
പുറമേ മറെറാരു ഫലം ആദാമിനും നൽകി തിന്നുവാൻ
പ്രേരിപ്പിച്ചു. അവനും ഫലം തിന്നു.

★

(ശേഷം അടുത്ത ലക്കത്തിൽ)

# ക്രൂശിന്റെ വഴി

**ജോണി രാംസെ**

നമ്മുടെ അതിക്രമങ്ങൾ നിമിത്തം മരണത്തിനു ഏല്പിച്ചും നമ്മുടെ നീതീകരണത്തിനായി ഉയിർപ്പിച്ചുമിരിക്കുന്ന നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരിൽനിന്നു ഉയിർപ്പിച്ചവനിൽ വിശ്വസിക്കുന്ന നമുക്കു കണക്കിടുവാനുള്ളതു തന്നേ (റോമർ 4:25). ക്രിസ്തു നമുക്കു വേണ്ടി മരിച്ചു നമ്മുടെ നീതീകരണത്തിനായി ഉയിർത്തെഴുന്നേററു എന്ന വേദഭാഗം അടിസ്ഥാനപരമായി നമ്മുടെ ആത്മാവിന്റെ ഒരു നങ്കൂരമാണെന്നു മനസ്സിലാക്കാം. സ്വർഗ്ഗം തുറന്നു മഹിമ എന്റെ ആത്മാവിൽ നിറച്ചതു എത്ര ഹൃദയസ്പർശിയായ കൃപയാണ് (പ്രവൃ. 20:24).

മോശെയുടെ ന്യായപ്രമാണപ്രകാരം ഊനമില്ലാത്ത മൃഗങ്ങളെയാണ് ദൈവത്തിനു യാഗമായി അർപ്പിക്കേണ്ടിയിരുന്നതു. എന്നാൽ അതിനു മുടന്തോ കുരുടോ ഇങ്ങനെ വല്ല ഊനവും ഉണ്ടായിരുന്നാൽ നിന്റെ ദൈവമായ യഹോവെക്കു അതിനെ യാഗം കഴിക്കരുതു (ആവർത്തനപുസ്തകം 15:21). ദൈവത്തിനു എങ്ങനെ ബലി അർപ്പിക്കണം [illegible] ച്ചിരുന്നതായി മലാഖി പ്രവാചകൻ പറയുന്നു. മാത്രമല്ല, പാർസിയിലെ ദേശാധിപതിക്കു കാഴ്ച വെക്കാൻ മടിക്കുന്നതു അവർ ദൈവത്തിനു യാഗം കഴിക്കാൻ കൊണ്ടുവരുന്നു. നിങ്ങൾ കണ്ണു പൊട്ടിയതിനെ യാഗം കഴിപ്പാൻ കൊണ്ടുവന്നാൽ അതു ദോഷമല്ല; നിങ്ങൾ മുടന്തും ദീനവുമുള്ളതിനെ അർപ്പിച്ചാൽ അതും ദോഷമല്ല; അതിനെ നിന്റെ ദേശാധിപതിക്കു കാഴ്ച വെക്കുക; അവൻ പ്രസാദിക്കുമോ? നിന്നോടു കൃപ തോന്നുമോ? എന്നു സൈന്യ

ങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു (മലാഖി 1:8). നിരുപയോഗപ്രദമായവയെ അവർ ദൈവത്തിനു കൊടുത്തു വന്നു.

സ്വർഗ്ഗം തരുമ്പോൾ ദൈവികയുഗത്തിലെ ഏററവും നല്ലതിനെയാണ് തരുന്നതു. "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു (യോഹന്നാൻ 3:16). ഊനമില്ലാത്ത യാതൊരു കുററവുമില്ലാത്ത ജീവിതം നയിച്ച ദൈവത്തിന്റെ കുഞ്ഞാടു അറിയപ്പെട്ടതിൽവെച്ച് ഏററവും തികവുള്ള ജീവിതം നയിച്ച ആ ജീവിതം മർത്യശരീരങ്ങളുടെ പാപപരിഹാരത്തിനു യാഗമായി ഏൽപ്പിച്ചു കൊടുത്തു. അതുകൊണ്ട് ദൈവദൂതന്റെ സ്തുതിഗീതത്തിൽ അത്ഭുതത്തിനു അവകാശമില്ല. "പുസ്തകം വാങ്ങുവാനും അതിന്റെ മുദ്ര പൊട്ടിപ്പാനും നീ യോഗ്യൻ; നീ അറുക്കപ്പെട്ടു നിന്റെ രക്തംകൊണ്ടു സർവ്വ ഗോത്രത്തിലും, ഭാഷയിലും, വംശത്തിലും, ജാതിയിലും നിന്നുള്ളവരെ ദൈവത്തിന്നായി വിലെക്കു വാങ്ങി (വെളിപ്പാട് 5:9). ലോകത്തിനു ലഭിക്കാവുന്നതിൽ വെച്ച് ഏററവും വലിയ സ്നേഹത്തിന്റെ ഉപഭോക്താക്കളാണ് നാമെന്ന് സംശയ രഹിതമായി പറയാം.

## നമ്മുടെ രക്ഷയെ വിവരിക്കുന്ന സൂചക വാക്കുകൾ

**നിരപ്പ്:** ക്രിസ്തുവിനെ കൂടാതെയുള്ള നമ്മുടെ അവസ്ഥയെ തിരുവെഴുത്തിൽ വിശദമാക്കുന്നുണ്ട്. "അക്കാലത്തു നിങ്ങൾ ക്രിസ്തുവിനെ കൂടാതെയുള്ളവരും, യിസ്രായേൽ പൌരതയോടു സംബന്ധമില്ലാത്തവരും, വാഗ്ദത്തത്തിന്റെ നിയമങ്ങൾക്കു അന്യരും, പ്രത്യാശയില്ലാത്തവരും, ലോകത്തിൽ ദൈവമില്ലാത്തവരും ആയിരുന്നു എന്നു ഓർത്തുകൊൾവിൻ (എഫെ. 2:12). എന്നാൽ ഗൊൽഗോഥായിലെ സംഭവങ്ങൾ നിമിത്തം പാപികളായിരുന്ന

നമ്മേയും നമ്മുടെ രക്ഷകന്റെ സമീപത്തേക്കു നയിക്കുമാറാക്കി. അങ്ങനെ വിദൂരതയിലായിരുന്നവരെ സമീപസ്ഥരാക്കി മടക്കിക്കൊണ്ടുവന്നു യോജിപ്പിച്ച നടപടിയെ നിരപ്പ് എന്നു പറയാം. ക്രൂശിൻമേൽ വെച്ച് ശത്രുത്വം ഇല്ലാതാക്കി അതിനാൽ ഇരുപക്ഷത്തെയും ഏകശരീരത്തിൽ ദൈവത്തോടു നിരപ്പിപ്പാനും തന്നെ (എഫെസ്യർ 2:16). നമ്മുടെ പാപങ്ങളാൽ ആയിരുന്നു നാം ദൈവത്തിൽ നിന്നു അകന്നുപോയതു. അപ്പോഴാണ് യേശു നമുക്കു വേണ്ടി മരിച്ചതു. "അവനിൽ സർവ്വസമ്പൂർണ്ണതയും വസിപ്പാനും അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തം കൊണ്ടു അവൻ മുഖാന്തരം സമാധാനം ഉണ്ടാക്കി ഭൂമിയിലുള്ളതോ സ്വർഗ്ഗത്തിലുള്ളതോ സകലത്തെയും അവനെക്കൊണ്ടു തന്നോടു നിരപ്പിപ്പാനും പിതാവിനു പ്രസാദം തോന്നി (കൊലൊസ്സ്യർ 1:19-20).

**മോചനം:** കഴിഞ്ഞ കാലപാപങ്ങളും കുറ്റങ്ങളും കഴുകപ്പെട്ട് ശുദ്ധിയോടെ ക്രൂശിന്നരികിൽ നിരപ്പായ പ്രതലത്തിൽ നില്ക്കാൻ കഴിയുക എന്നതു വില മതിക്കുന്ന ഒരു അനുഭവം തന്നെയാണ്. ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായി തീർന്നു. അവന്റെ കൃപയാൽ ക്രിസ്തു യേശുവിങ്കലെ വീണ്ടെടുപ്പുമൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നതു. വിശ്വസിക്കുന്നവർക്കു അവൻ തന്റെ രക്തം മൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു (റോമർ 3:23-25). ആത്മാർത്ഥതയോടെ രക്ഷിക്കപ്പെടുവാൻ ഞങ്ങൾ എന്തു ചെയ്യണമെന്ന പുരുഷാരത്തിന്റെ ചോദ്യത്തിനു അപ്പൊസ്തലനായ പത്രൊസ് മറുപടി കൊടുക്കുന്നതു: നിങ്ങൾ ഓരോരുത്തരും മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേൽപിൻ (പ്രവൃത്തി 2:38). ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞു കിട്ടേണ്ടതിനു മാനസാന്തരപ്പെട്ടു

തിരിഞ്ഞു കൊൾവിൻ എന്ന വേദഭാഗം നമ്മുടെ ആത്മാക്കളെ ഹർഷപുളകിതരാക്കുന്ന ഒന്നു തന്നെയാണ് (പ്രവൃത്തി 3:19).

**വീണ്ടെടുപ്പ്:** അവനിൽ അവന്റെ രക്തത്താൽ നമുക്കു് അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പു ഉണ്ട്. ക്രിസ്തുവിന്റെ വിലയേറിയ രക്തത്താൽ വീണ്ടെടുക്കപ്പെട്ടശേഷം നമുക്കു ജീവന്റെ പുതുക്കത്തിൽ നടക്കാൻ കഴിയുന്നു (എഫെസ്യർ 4:23, 24). അതിന്നു പ്രഭാപൂർണ്ണമായ ഒരു ഭാവിയുണ്ട്. ഇരുട്ടിൽ നിന്നു പ്രകാശത്തിലേക്കു് നമ്മുടെ യാത്ര ആരംഭിക്കുകയാണ്. വാട്ടമില്ലാത്ത, മങ്ങലില്ലാത്ത ദിവസങ്ങളുള്ള ഒരു ദേശത്തേക്കാണ് നാം സഞ്ചരിക്കുന്നതു (പ്രവൃത്തി 26:18).

**മോചനദ്രവ്യം:** എല്ലാവർക്കും വേണ്ടി മറുവിലയായി കൊടുത്തതു യേശുക്രിസ്തുവിനെ തന്നെയായിരുന്നു (1 തിമൊഥെയൊസ് 2:6). സാത്താൻ നമ്മെ തട്ടിക്കൊണ്ടുപോയി പാപത്തിന്റെ ബന്ധത്തിൽ അടച്ചുവെച്ചിരിക്കയായിരുന്നു (റോമർ 2:13-14). പക്ഷെ നമ്മെ സ്വതന്ത്രരാക്കുന്നതിനു യേശു നമുക്കുവേണ്ടി മറുവില കൊടുത്തു. കല്ലറയിൽ നിന്നു് അവൻ എഴുന്നേററു വരുവാൻ തക്കവണ്ണം ദൈവശക്തി പ്രത്യക്ഷമായി. ജഡം സംബന്ധിച്ച് ദാവീദിന്റെ സന്തതിയിൽ നിന്നു ജനിക്കയും മരിച്ചിട്ടു ഉയിർത്തെഴുന്നേൽക്കയാൽ വിശുദ്ധിയുടെ ആത്മാവു സംബന്ധിച്ചു ദൈവപുത്രൻ എന്നു ശക്തിയോടെ നിർണ്ണയിക്കപ്പെടുകയും ചെയ്തിരിക്കയാണ് (റോമർ 1:5). ജീവപര്യന്തം അടിമകളായിരുന്നവരെ ക്രിസ്തു വിടുവിച്ചു എന്നു എഫെസ്യർ 4:8 വെളിപ്പെടുത്തുന്നു. അങ്ങനെ സാത്താന്റെ മരണത്തിൻ മേലുള്ള അധികാരം അവൻ ഇല്ലാതാക്കി (എബ്രായർ 2:14).

★

(ശേഷം അടുത്ത ലക്കത്തിൽ)

# ഏഴ് സഭകൾക്കുള്ള ദൂത്

എം. എസ്. ജോൺ. ഇരിട്ടി

## 7. ലവൊദിക്യ സഭ (വെളി. 3:14-22).

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

ഈ ലോകത്തിന്റെ ദൈവമായ സാത്താൻ അവരുടെ ഹൃദയത്തെ കീഴടക്കിയതിനാൽ അവർക്കുള്ള ആത്മീയ കാഴ്ച നഷ്ടപ്പെട്ടുപോയിരുന്നു. "ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സു കുരുടാക്കി" (2 കൊരിന്ത്യർ 4:4). പാപമാകുന്ന തിമിരമാണ് മനുഷ്യരുടെ ആത്മീയ ദർശനത്തെ നഷ്ടപ്പെടുത്തികൊണ്ടിരിക്കുന്നത്. അന്ധതയും പരിജ്ഞാനമില്ലായ്മയും ആത്മീയ അന്ധതയെ പോഷിപ്പിക്കുകയും ചെയ്യുന്നു. ഈ കൂട്ടർക്ക് യേശു ക്രിസ്തുവിന്റെ സുവിശേഷം മറഞ്ഞിരിക്കുകയും അവർ അതിനെ മറച്ചുകളയുകയും ചെയ്യുന്നു. ഒരുപക്ഷെ ലവൊദിക്യ സഭ ദൈവവചനപ്രകാരം പരിവർത്തനം ചെയ്യപ്പെട്ടവരായിരിക്കയില്ല. ക്രിസ്തുവിൽ ഒരു പുതിയ സൃഷ്ടിയായി (New Creature) രൂപാന്തരപ്പെടാതെ പുറമേ ഉള്ള കാഴ്ചപ്പാടിൽ അവർ സഭയിലെ അംഗങ്ങളായി തീരുകയും തൽഫലമായി ലോകത്തിന്റെ കാലഗതികൾക്കും അധികാരങ്ങൾക്കും അനുസരണക്കേടിനും അധിപതിയായവനെ അവർ അനുസരിച്ചു നടക്കയും, ജഡമോഹങ്ങളിലും മനോവികാരങ്ങൾക്കും അവർ കീഴ്പ്പെടുകയും ചെയ്തിരുന്നു.

ഇന്നു കാണപ്പെടുന്ന നൂറു കണക്കിനു ക്രിസ്തീയ സമുദായസമൂഹങ്ങളും, ലവൊദിക്യ സഭയെപ്പോലെ

ആത്മീയ അന്ധകാരത്തിൽ മൂടിപുതച്ചു കിടക്കുകയാണ്. ക്രിസ്തുവിൻെറ സഭയിൽ ആയിരിക്കുന്ന അധികം അംഗങ്ങളും ആത്മീയ അന്ധകാരത്തിൽ നിന്നും വിമുക്തരായെന്ന് പറയാൻ കഴിയുമോ? ക്രിസ്തുവിൻെറ വചനപ്രകാരമുള്ള ഉപദേശങ്ങളിൽ ഒതുങ്ങി നിൽക്കാതെ അതിരു കടന്ന് ലോകാനുരൂപമായ കാഴ്ചപ്പാടിലും, വിശ്വാസത്തിലും വളർന്നു പന്തലിച്ച് ശാഖോപശാഖകളായി രൂപം കൊള്ളുന്ന സമൂഹങ്ങൾക്ക്—കർത്താവ് അവരോടുകൂടെ ഇല്ലെന്നു കാണാൻ പോലും കഴിയാതവണ്ണം അവരുടെ കണ്ണുകൾക്ക് കാഴ്ച നഷ്ടപ്പെട്ടിരിക്കുകയാണ്. ''കാണാത്തവർ കാൺമാനും കാണുന്നവർ കുരുടർ ആവാനും ഇങ്ങനെ ന്യായവിധിക്കായി ഞാൻ ഇഹലോകത്തിൽ വന്നു എന്നു യേശു അരുളിച്ചെയ്യുന്നു (യോഹന്നാൻ 9:39). ''വെളിച്ചം ലോകത്തിൽ വന്നിട്ടും മനുഷ്യരുടെ പ്രവൃത്തി ദോഷമുള്ളതു ആകയാൽ അവർ വെളിച്ചത്തെക്കാൾ ഇരുളിനെ സ്നേഹിച്ചതു തന്നേ. തിൻമ പ്രവർത്തിക്കുന്നവൻ എല്ലാം വെളിച്ചത്തെ പകെക്കുന്നു. തൻെറ പ്രവൃത്തിക്ക് അക്ഷേപം വരാതിരിപ്പാൻ വെളിച്ചത്തിങ്കലേക്ക് വരുന്നതുമില്ല'' (യോഹ. 3:19, 20). അപ്പൊസ്തലനായ പൌലോസ് പറയുന്നു ''ഇരുട്ടിൻെറ നിഷ്ഫല പ്രവൃത്തികളിൽ കൂട്ടാളികൾ ആകരുത്. അവയെ ശാസിക്ക അത്രേ വേണ്ടത്'' (എഫെ. 5:11).

ജഡിക അന്ധതയിലും, ആത്മീയ അന്ധതയിലും നിപതിച്ചു നശിച്ചു പൊയ്ക്കൊണ്ടിരുന്ന അനേകർക്കു ഈ ലോകത്തിൽ വച്ചു തന്നെ കർത്താവായ യേശുക്രിസ്തു ജീവൻെറ വെളിച്ചം പകർന്നുകൊടുക്കയും അവരെ രക്ഷിക്കയും ചെയ്തുവെന്നു ബൈബിളിൽ നിന്നും നമുക്കു ഗ്രഹിക്കാവുന്നതാണ്. യേശു തൻെറ പരസ്യശുശ്രൂഷ വേളയിൽ ഒരിക്കൽ ജൻമനാ കുരുടനായ ഒരു ഭിക്ഷക്കാരനെ കണ്ടുമുട്ടി. അവൻെറ ആഗ്രഹം അറിഞ്ഞ യേശു നിലത്തു തുപ്പി തുപ്പൽ കൊണ്ടു ചേറുണ്ടാക്കി ചേറ്

അവൻെറ കണ്ണിൻമേൽ പൂശി, നീ ചെന്നു ശിലോഹോം കുളത്തിൽ കഴുകുക എന്നു അവനോടു പറഞ്ഞു. അവൻ പോയി കഴുകി കാഴ്ച പ്രാപിക്കയും ചെയ്തു. ആത്മിയ അന്ധതയിൽ കിടന്ന പരീശൻമാർ അവനോടു ''നിൻെറ കണ്ണു എങ്ങനെ തുറന്നു എന്ന് അവനോടു ചോദിച്ചു.'' ഞാൻ നിങ്ങളോടു പറഞ്ഞുവല്ലോ; നിങ്ങൾ ശ്രദ്ധിച്ചില്ല. എൻെറ കണ്ണു തുറന്നിട്ടും അവൻ എവിടെ നിന്നു എന്നു നിങ്ങൾ അറിയാത്തത് ആശ്ചര്യം, ദൈവത്തിൻെറ അടുക്കൽ നിന്നു വന്നവൻ അല്ലെങ്കിൽ അവന്ന് ഒന്നും ചെയ്യാൻ കഴികയില്ല എന്നു ഉത്തരം പറഞ്ഞു. യേശു കാഴ്ച നൽകിയ കുരുടനായിരുന്ന മനുഷ്യനെ വീണ്ടും കണ്ടുമുട്ടിയപ്പോൾ—നീ ദൈവപുത്രനിൽ വിശ്വസിക്കുന്നുവോ എന്നു ചോദിച്ചു. അതിന് അവൻ യജമാനനേ, അവൻ ആർ ആകുന്നു ? ഞാൻ അവനിൽ വിശ്വസിക്കാം എന്നു ഉത്തരം പറഞ്ഞു.

യേശു അവനോടു നീ അവനെ കണ്ടിട്ടുണ്ട്. നിന്നോടു സംസാരിക്കുന്നവൻ അവൻ തന്നേ എന്നു പറഞ്ഞു. ഉടനെ അവൻ കർത്താവേ, ഞാൻ വിശ്വസിക്കുന്നു, എന്നു പറഞ്ഞു അവനെ നമസ്കരിച്ചു (യോഹ. 9:35-38). ചില പരീശൻമാർ യേശുവിനോട് ചോദിച്ചു: ഞങ്ങളും കുരുടരോ ?'' നിങ്ങൾ കുരുടർ ആയിരുന്നു എങ്കിൽ നിങ്ങൾക്കു പാപം ഇല്ലായിരുന്നു. എന്നാൽ ഞങ്ങൾ കാണുന്നു എന്നു നിങ്ങൾ പറയുന്നതുകൊണ്ട് നിങ്ങളുടെ പാപം നില്ക്കുന്നു എന്ന് യേശു പറഞ്ഞു (യോഹ. 9:40, 41). സമുദായങ്ങളുടേയും ക്രിസ്തീയവിഭാഗങ്ങളുടേയും പുരോഹിതരായിരിക്കുന്നവർ പലരും പരീശൻമാർക്ക് തുല്യരാണ്. തിരുവചനസത്യങ്ങളെ നന്നായി അറിഞ്ഞിട്ടുള്ളവർ സത്യമല്ലാത്തവയെ മുറുകെ പിടിക്കയും, ക്രിസ്തുവിൻേറയും അവൻെറ അപ്പൊസ്തലൻമാരുടേയും ഉപദേശങ്ങളെ വിഴുങ്ങിക്കളയുകയും, സാഹചര്യങ്ങൾക്ക് അനുസരണമായി

തെററായി പഠിപ്പിക്കയും ചെയ്യുന്നു അങ്ങനെ ഉള്ളവരുടെ നേരെയും കർത്താവ് വിരൽ ചൂണ്ടുന്നു; "നിങ്ങളുടെ പാപം നിലക്കുന്നു".

ജഢികമായും ആത്മികമായും പരിപൂർണ്ണ അന്ധതയിലായിരുന്ന ആ കുരുടന് ഭൗതിക കാഴ്ച ലഭിച്ചതിനെ തുടർന്നു അവന്നു ആന്തരിക കാഴ്ചയും തുറക്കപ്പെട്ടു. അവന് ദൈവപുത്രനെ കാണുന്നതിനും അവനിൽ വിശ്വസിക്കുന്നതിനും സാധിച്ചു. അവൻ എത്ര ഭാഗ്യവാനായി തീർന്നു. എന്നാൽ അനേകർക്കു ദൈവപുത്രനായ യേശു ക്രിസ്തുവിനേയും അവൻെറ സത്യവചനങ്ങളെയും യഥാർത്ഥമായി കണ്ടു മനസ്സിലാക്കാനോ അനുസരിക്കാനോ, അവനിൽ പരിപൂർണ്ണമായി വിശ്വസിക്കാനോ കഴിയാതവണ്ണം ജീവിതസാഹചര്യങ്ങൾ അവർക്ക് മറയായി നില്ക്കുന്നു.

യേശു ഒരിക്കൽ ദൈവാലയത്തിൽ ഉപദേശിച്ചുകൊണ്ടിരിക്കുമ്പോൾ, വ്യഭിചാര കുററത്തിന് പിടിക്കപ്പെട്ട ഒരു സ്ത്രീയെ ശാസ്ത്രിമാരും പരീശൻമാരും ചേർന്ന് അവൻെറ അടുക്കൽ കൊണ്ടുവന്നു. ഇപ്രകാരമുള്ള സ്ത്രീകളെ കല്ലെറിയേണം എന്ന് അവരുടെ ന്യായപ്രമാണം അനുശാസിക്കുന്നു. ആ സമയം യേശു കുനിഞ്ഞു നിലത്ത് വിരൽ കൊണ്ടു എഴുതിക്കൊണ്ടിരുന്നു. "നീ ഇവളെക്കുറിച്ചു എന്തു പറയുന്നു എന്ന് അവർ യേശുവിനോടു ചോദിച്ചു. യേശു അവരോട് "നിങ്ങളിൽ പാപമില്ലാത്തവൻ അവളെ ഒന്നാമതു കല്ല് എറിയട്ടെ എന്നു പറഞ്ഞു", യേശു പറഞ്ഞതു കേട്ടിട്ട് അവരെല്ലാം മനസ്സാക്ഷിയുടെ ആക്ഷേപം ഹേതുവായി ഓരോരുത്തനായി അവിടം വിട്ടു പോയി.

★

(ശേഷം അടുത്ത ലക്കത്തിൽ)

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggie Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Mondays — 9.00 to 9.15 P.M.
Fridays — 7.45 to 8.00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 12.45 to 1.00 P.M.
Tuesdays — 9.00 to 9.15 P.M.
Thursdays — 9.00 to 9.15 P.M.
Fridays — 9.00 to 9.15 P.M.

**TELUGU**—The Voice of Truth—Speaker : Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2.30 to 2.45 P.M.
Tuesdays — 2.30 to 2.45 P.M.
Thursdays — 2.30 to 2.45 P.M.
Fridays — 2.30 to 2.45 P.M.
Saturdays — 2.30 to 2.45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5.30 to 5.45 P.M.
Thursdays — 6 45 to 7.00 P.M.
Sundays — 6.45 to 7.00 P.M.

**MALAYALAM**—The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays — 3.45 to 4.00 p.m.

**KANNADA**—The Voice of Truth—Speaker : Robert Rathnakar—Box. 448, Bangalore—560004
Sundays — 1.45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

# യേശു : ആശ്വാസ കർത്താവ്

## സുവിശേഷ യോഗങ്ങൾ

സ്ഥലം — **ഹസ്സൻ മരക്കാർ ഹാൾ**
(A K G സെൻററിനു സമീപം, പാളയം)

തീയതി — **1994 ഡിസംബർ 28, 29, 30**
(ബുധൻ, വ്യാഴം, വെള്ളി)

സമയം — **വൈകുന്നേരം 6.30-ന്**

പ്രസംഗകൻ — **Bro. പി. കെ. വർഗീസ്**
(സത്യനാദം റേഡിയോ പ്രഭാഷകൻ)

സംബന്ധിക്കുക - ആശ്വാസം നേടുക - അനുഗ്രഹം പ്രാപിക്കുക.

**സൗജന്യ ഫിലിം പ്രദർശനം**

**ഏവർക്കും സ്വാഗതം**

From
THE BIBLE TRUTH
Church of Christ
Behind Sanskrit College
Thiruvananthapuram-695034
Phone : 443378

To